"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - വയനാട് ജില്ലയിലെ മീനങ്ങാടി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ശ്രീ ബിജേഷ് എ.എം. ന്റെ പിതാവിന്റെ ചികിത്സക്കായി കോഴിക്കോട് മലബാർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് (മിംസ്) ആശുപത്രിയിൽ ചെലവായ തുക - പ്രതിപൂരണം ചെയ്ത് നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.147/2026/LSGD തീയതി,തിരുവനന്തപുരം, 16-01-2026

---

പരാമർശം:-

1. ശ്രീ. ബിജേഷ് എ.എം. ന്റെ 29/08/2022 ലെ അപേക്ഷ
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 04/07/2023 ലെ (എൽ.ഡിസ്) എം.ആർ 1-52900/2022/ആ.വ.ഡ നമ്പർ കത്ത്.
3. സ.ഉ.(അച്ചടി) നം. 100/2024/ധന തീയതി 22/11/2024.
4. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 14/06/2024, 23/06/2025, 12/11/2025 തീയതികളിലെ LSGD/PD/7283/2023-DEG2 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് വയനാട് മീനങ്ങാടി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ശ്രീ. ബിജേഷ് എ.എം. ന്റെ പിതാവിന്റെ ചികിത്സക്കായി കോഴിക്കോട് മലബാർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് (മിംസ്) ആശുപത്രിയിൽ 25.04.2022 മുതൽ 31.05.2022 വരെ ചെലവായ തുക മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ഇനത്തിൽ പ്രതിപൂരണം ചെയ്ത് നൽകുന്നതിനായി സമർപ്പിച്ച പരാമർശം (1) അപേക്ഷ പരാമർശം (3) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2] മേൽ ചികിത്സക്കായി ചെലവായ തുകയിൽ 1,37,037/-രൂപ (ഒരു ലക്ഷത്തി മുപ്പത്തിയേഴായിരത്തി മുപ്പത്തിയേഴ് രൂപ മാത്രം) അനുവദനീയമാണെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ് വയനാട് മീനങ്ങാടി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ശ്രീ. ബിജേഷ് എ.എം. ന്റെ പിതാവിന്റെ ചികിത്സക്കായി കോഴിക്കോട് മലബാർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് (മിംസ്) ആശുപത്രിയിൽ 25.04.2022 മുതൽ 31.05.2022 വരെ ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ച 1,37,037/- രൂപയുടെ 80% ആയ 1,09,630/- (ഒരു ലക്ഷത്തി

ഒൻപതിനായിരത്തി അറുന്നൂറ്റി മുപ്പത് രൂപ മാത്രം) പരാമർശം (3) ഉത്തരവിലെ ഖണ്ഡിക 1(iv) ലെ വ്യവസ്ഥ പ്രകാരം, വെങ്ങപ്പള്ളി ഗ്രാമ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും പ്രതിപൂരണം ചെയ്തു നൽകുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ശ്രീ. ബിജേഷ് എ. എം., ഗ്രാമ പഞ്ചായത്ത് സെക്രട്ടറി, മീനങ്ങാടി, വയനാട്
(*പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ് മുഖേന ബന്ധപ്പെട്ട രേഖകൾ സഹിതം)*
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം / തൃശ്ശൂർ
ധനകാര്യ വകുപ്പ് (09.01.2026 ലെ DEV-1/203/2024-FIN പ്രകാരം)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇപിബി1/170/2024-തസ്വഭവ നം ഫയൽ)

ഉത്തരവിൻ പ്രകാരം

**Signed by Riju M Das**
**Date: 16-01-2026 22:43:39**

സെക്ഷൻ ഓഫീസർ